**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 94402/DOA-ASST-1/2023/Admn

തീയതി: 24.06.2023

**<u>സർക്കുലർ</u>**

വിഷയം: 2023-24 അധ്യായന വർഷത്തെ ബിരുദ കോഴ്സുകളുടെ ഒന്നാം അലോട്ട്മെന്റ് - പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട്.

**<u>യു ജി ക്യാപ്പ് -2023/സർക്കുലർ - 3</u>**

1. 2023-2024 അധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തോടനുബന്ധിച്ചുള്ള ഒന്നാമത്തെ അലോട്ട്മെന്റ് **24.06.2023** മുതൽ കോളേജ്/നോഡൽ ലോഗിനിൽ ലഭ്യമാണ്.

2. ഒന്നാം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾ ബന്ധപ്പെടുന്ന പക്ഷം **29.06.2023, 5.00 PM-നുള്ളിൽ മാൻഡേറ്ററി ഫീ** അടയ്ക്കുന്നതിന് നിർദ്ദേശിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുകയും മാൻഡേറ്ററി ഫീ അടയ്ക്കാതിരിക്കുകയും ചെയ്യുന്നവർക്ക് നിലവിലെ അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും തുടർന്നുള്ള അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുന്നതുമായിരിക്കില്ല.

- മാന്റേറ്ററി ഫീസ്: SC/ST/ OEC/OBC communities eligible for educational concessions as is given to OEC വിദ്യാർത്ഥികൾക്ക് 125/- രൂപയും മറ്റുള്ളവർക്ക് 510/- രൂപയുമാണ്. പ്രസ്തുത സംവരണ വിഭാഗങ്ങൾ ഏതെല്ലാമെന്ന് ബിരുദ പ്രവേശനത്തിന്റെ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുണ്ട്. (APPENDIX III, IV , V & VI).
- മാൻഡേറ്ററി ഫീ പേയ്മെന്റ് നടത്തുന്നത് അതാത് വിദ്യാർത്ഥികളുടെ സ്റ്റുഡന്റ് ലോഗിൻ വഴിയാണ്. https://admission.uoc.ac.in/admission?pages=ug > Student Login > Allotment , വിദ്യാർത്ഥികൾക്ക് ലഭിച്ച അല്ലോട് മെന്റും താഴെ പേയ്മെന്റ് നടത്തുന്നതിനുള്ള ലിങ്കും കാണാം. മാൻഡേറ്ററി ഫീ പേയ്മെന്റ് നടത്തിയ വിദ്യാർത്ഥികളോട് അവരവരുടെ ലോഗിനിൽ പേയ്മെന്റ് ഡീറ്റെയിൽസ് ഉണ്ടെന്ന് ഉറപ്പാക്കാൻ നിർദേശിക്കേണ്ടതാണ്.
- മാൻഡേറ്ററി ഫീ പേയ്മെന്റ് നടത്തിയ ശേഷം സ്റ്റുഡന്റ് ലോഗിനിൽ മാൻഡേറ്ററി ഫീ റെസിപ് റ്റ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടത് അതത് വിദ്യാർത്ഥികളുടെ ഉത്തരവാദിത്തമാണ് (Student Login > Chalan Receipt > Mandatory Fee Receipt). ഇപ്രകാരം ഫീ റെസിപ് റ്റ് ലഭ്യമായവരെ മാത്രമേ തുടർ അല്ലോട് മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ.
- പേയ്മെന്റ് അപ്ഡേഷന് പരാജയ സാധ്യത കൂടുതലായതിനാൽ യു.പി.ഐ. പേയ്മെന്റ്കൾക്ക് പകരം നെറ്റ് ബാങ്കിങ് സംവിധാനം പരമാവധി ഉപയോഗിക്കാൻ വിദ്യാർത്ഥികളോട് നിർദേശിക്കേണ്ടതാണ്.

3. ലഭിച്ച ഓപ് ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾ, തങ്ങളെ ഹയർ ഓപ് ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ 24.06.2023 മുതൽ 28.06.2023 ന് 5.00 PM വരെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാനുള്ള സൗകര്യം ഉപയോഗിച്ച് മറ്റ് ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ് ഷനുകൾ ഭാഗികമായോ പൂർണമായോ റദ്ദ് ചെയ്യാവുന്നതാണ്.

4. ഹയർ ഓപ് ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ് ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല. വിദ്യാർഥികൾ അവരവരുടെ Student Login- വഴിയാണ് ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടത്. പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എല്ലാ വിദ്യാർത്ഥികളോടും നിർബന്ധമായി ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാൻ നിർദേശിക്കേണ്ടതാണ്. കോളേജ്, കോഴ്സ് പുനഃക്രമീകരിക്കാവുന്നതിനോ, പുതിയ കോളേജോ, കോഴ്സുകളോ, കൂട്ടിചേർക്കുന്നതിനോ ഈ അവസരത്തിൽ സാധിക്കുന്നതല്ല.

5. രണ്ടാം അലോട്ട്മെന്റിനു ശേഷം മാത്രമേ വിദ്യാർഥികൾ കോളേജുകളിൽ പ്രവേശനം നേടേണ്ടതുള്ളൂ. ആയതിനാൽ ഒന്നാമത്തെ ഓപ് ഷനിലേക്കു അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ റിപ്പോർട്ടു ചെയ്യുന്ന പക്ഷം, **29.06.2023, 5.00 PM**-നുള്ളിൽ മാൻഡേറ്ററി ഫീ അടയ്ക്കുന്നതിനും രണ്ടാം അലോട്ട്മെന്റിന് ശേഷം നിർബന്ധമായും കോളേജിൽ ഹാജരായി പ്രവേശനമെടുക്കുന്നതിനും നിർദേശിക്കേണ്ടതാണ്.

6. രണ്ടാം അലോട്ട്മെന്റിന് ശേഷം മാത്രമേ വിദ്യാർത്ഥികൾക്ക് അഡ്മിറ്റ്/ അലോട് മെന്റ് കാർഡ് ലഭിക്കുകയുള്ളു.

7. എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് എയ്ഡഡ് പ്രോഗ്രാമുകളുടെ കമ്മ്യൂണിറ്റി ക്വോട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനായുള്ള ഓൺലൈൻ റിപ്പോർട്ടിങ് സൗകര്യം 26.06.2023 മുതൽ 28.06.2023 വരെ സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമാവും.(Student Login >Community Quota> Report). ഇപ്രകാരം റിപ്പോർട്ട് ചെയ്ത വിദ്യാർത്ഥികളെ മാത്രമേ എയ്ഡഡ് കോളേജുകളിലെ എയ്ഡഡ് പ്രോഗ്രാമുകളിലെ കമ്മ്യൂണിറ്റി ക്വോട്ട പ്രവേശനത്തിനായി പരിഗണിക്കുകയുള്ളു . കമ്മ്യൂണിറ്റി ക്വോട്ട പ്രവേശനത്തിനായി വിദ്യാർത്ഥികൾ ബന്ധപ്പെടുന്ന പക്ഷം ഇപ്രകാരം റിപ്പോർട്ട് ചെയ്യാൻ നിർദേശിക്കേണ്ടതാണ്.

Arsad M
ഡപ്യൂട്ടി രജിസ്ട്രാർ

സ്വീകർത്താവ്
:- 1. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / സർവകലാശാലാ പഠനവകുപ്പ് / സെന്ററുകൾ
2. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട നോഡൽ ഓഫീസർമാർ